18 – ശിശു – നഷ്ടപ്പെട്ട ആട് – സഭയിൽ വരുന്നതിനുള്ള മാർഗ്ഗ ദർശനം– ക്ഷമിക്കലിനെക്കുറിച്ചുള്ള ഉപമ.

19 – വിവാഹത്തെക്കുറിച്ചും വിവാഹമോചനത്തെക്കുറിച്ചുമുള്ള ദൈവത്തിന്റെ നിലപാട് – കുട്ടികൾ അനുഗ്രഹിക്കപ്പെടുന്നു – ധനവാനായ ചെറുപ്പക്കാരൻ – വരുവാനുള്ള രാജ്യത്തിൽ അപ്പൊസ്തലന്മാരുടെ സ്ഥാനം.

20 – മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ ഉപമ, തന്റെ മരണത്തെക്കുറിച്ചുള്ള യേശുവിന്റെ നാലും അഞ്ചും പ്രഖ്യാപനങ്ങൾ – ഇടിമക്കളുടെ മാതാവ് അവരുടെ ബഹുമതിക്കായി അപേക്ഷിക്കുന്നു – രണ്ടുപേർക്കു യേശു കാഴ്ച നൽകുന്നു.

21 – രാജാവ് ഒടുവിലായും പരസ്യമായും തന്നെത്തന്നെ ജനത്തിനു നൽകുന്നു – ആലയം ശുദ്ധീകരിക്കുന്നു – അത്തിയെ ശപിക്കുന്നു – രണ്ടു പുത്രന്മാരുടെയും കുടുംബസ്ഥന്റെയും ഉപമയിലൂടെ മതനേതാക്കളെ കുറ്റപ്പെടുത്തുന്നു,

22 – രാജാവിന്റെ മകന്റെ കല്യാണ വിരുന്നിനെക്കുറിച്ചുള്ള ഉപമ – യേശു ഹേരോദ്യർക്കും, സദൂക്യർക്കും, പരീശന്മാർക്കും മറുപടി നൽകി അവരെ മിണ്ടാതാക്കുന്നു.

23 – ശാസ്ത്രികൾക്കും പരീശന്മാർക്കും വരുവാനിരിക്കുന്ന ശാപത്തെക്കുറിച്ച് മുന്നറിയിപ്പു നൽകുന്നു – യെരുശലേമിനെ ഓർത്ത് കരയുന്നു.

24,25 – ഒലിവുമലയിലെ പ്രസംഗം. അന്ത്യകാല ലക്ഷണങ്ങളെക്കുറിച്ചും തന്റെ വരവിന്റെ അടയാളങ്ങളെക്കുറിച്ചും ഉള്ള ചോദ്യങ്ങൾക്കു മറുപടി പറയുന്നു – പത്തു കന്യകമാരുടെ ഉപമ – എട്ടു താലന്തുകളുടെ ഉപമ – ചെമ്മരിയാടുകളുടെയും കോലാടുകളുടെയും ന്യായവിധി.

26 – യേശുവിനെതിരായ ഗൂഢാലോചന – ബെഥാന്യയിലെ മറിയ തൈലം പൂശുന്നു – യൂദ മുപ്പതു വെള്ളിക്കാശിന് യേശുവിനെ വില്ക്കുന്നു – ഒടുവിലത്തെ പെസഹായും ആദ്യത്തെ കർത്താവിന്റെ മേശയും – ഗത്സമേനയിലെ പ്രാണവേദന – മതനേതാക്കളാൽ ബന്ധിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു – പത്രോസ് തള്ളിപ്പറയുന്നു.

27 – രാജാവിനെ വിസ്തരിക്കുന്നു, താൻ മരിക്കുന്നു, തന്നെകല്ലറയിൽ വയ്ക്കുന്നു.

28 – രാജാവിന്റെ ഉയിർപ്പ് – തന്റെ മഹാ നിയോഗം.

---

*ശ്രവിപ്പിൻ ട്രാൻസ്‌വേൾഡ് റേഡിയോ - ഇന്ത്യയുടെ മലയാള പരിപാടികൾ, MW 340 മീറ്ററിൽ, ഓരോ പ്രഭാതത്തിലും 5.00 മുതൽ, ശനിയാഴ്ച രാവിലെ 6.15 നും, ഞായറാഴ്ച രാവിലെ 6.30 നും പതിവായി ശ്രവിക്കുക. സ്നേഹിതർക്കും പരിചയപ്പെടുത്തുക. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക.*

---

ജീവസന്ദേശം പോസ്റ്റ് ബോക്സ് നമ്പർ–3, മഞ്ഞാടി പി.ഒ. തിരുവല്ല – 5, കേരളം
ഫോൺ : 0469 – 2700284

### ട്രാൻസ് വേൾഡ് റേഡിയോ ഇൻഡ്യയുടെ

# ജീവസന്ദേശം

## റേഡിയോ ബൈബിൾ പഠനം

# മത്തായി എഴുതിയ സുവിശേഷം

### വിഷയവിഭജനം

*മത്തായി എഴുതിയ സുവിശേഷം പഴയ നിയമത്തിനും പുതിയ നിയമത്തിനും ഇടയിലെ അങ്ങോട്ടുമിങ്ങോട്ടും തുറക്കുന്ന ഒരു വാതിൽ പോലെയാണ്. അതു പിന്നിലേക്കു തുറന്ന്, ക്രിസ്തുവിന്റെ ഒന്നാമത്തെ വരവിൽ നിവർത്തിയായ പ്രവചനങ്ങളെ പഴയനിയമത്തിൽ നിന്നും ശേഖരിച്ചു കൊണ്ടു വരുന്നു. അതു പുതിയ നിയമത്തിലേക്കു തുറന്ന്, ദൈവത്തിന്റെ "പുതിയ സൃഷ്ടി" യെക്കുറിച്ച് "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (മത്തായി 16:18) എന്നതിനെക്കുറിച്ചു പറയുന്നു.*

**എഴുത്തുകാരൻ : വി. മത്തായി –** *മാനസാന്തരപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥനായ മത്തായി യഹൂദന്മാരുടെ മശിഹായെക്കുറിച്ചെഴുതാൻ തിരഞ്ഞെടുക്കപ്പെട്ടു (മത്താ.9:9)*

**താക്കോൽ :**

*മത്തായി ദൈവത്തിന്റെ പരിപാടിയെ അവതരിപ്പിക്കുന്നു. സുവിശേഷങ്ങളിൽ പ്രത്യേകമായി കാണുന്ന ഒരു പ്രയോഗമാണ് "സ്വർഗ്ഗരാജ്യം". ഈ പദം 32 പ്രാവശ്യവും, 'രാജ്യം' എന്ന പദം 50 ഓളം പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്നു. ബൈബിളിന്റെ ഏതൊരു വ്യാഖ്യാനത്തിനും "സ്വർഗ്ഗരാജ്യം" എന്ന പ്രയോഗത്തിന്റെ ശരിയായ ധാരണ അനിവാര്യമാകുന്നു. സ്വർഗ്ഗരാജ്യവും സഭയും ഒന്നല്ല. സ്വർഗ്ഗരാജ്യം എന്ന പദപ്രയോഗം ആദ്യം നടത്തിയത് യോഹന്നാൻ സ്നാപകനായിരുന്നു (മത്താ.3:2). "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്ന് ശക്തമായി വിളിച്ചു പറഞ്ഞു കൊണ്ട് അവൻ തന്റെ ശുശ്രൂഷ ആരംഭിച്ചു. യേശുക്രിസ്തു തന്റെ ശുശ്രൂഷ ആരംഭിച്ചപ്പോൾ താനും അതുപോലെ ഈ പ്രഖ്യാപനം നടത്തി (മത്താ.4:17) യോഹന്നാനോ യേശുക്രിസ്തുവോ ഇതിന്റെ അർത്ഥം വിശദീകരിക്കാൻ ശ്രമിച്ചില്ല. അതിൽനിന്നും, ഈ ദൂതു കേട്ടവർക്ക് ഇതേക്കുറിച്ചുള്ള ചില ധാരണകളുണ്ടായിരുന്നു എന്നു ന്യായമായും ചിന്തിക്കാം. പലസ്തീനിലെ ഒന്നാം നൂറ്റാണ്ടിലെ യഹൂദർക്ക്, ഈ പദത്തെക്കുറിച്ച്, ഇന്നത്തെ ഒരു ശരാശരി ക്രൈസ്തവനേക്കാൾ വ്യക്തമായ ധാരണയുണ്ടായിരുന്നു. അവർക്കീ പദം ആശയകുഴപ്പമുണ്ടാക്കിയിരുന്നില്ല. അക്കാര്യത്തിൽ അവർ ഭാഗ്യവാന്മാ*

രാണ്. സ്വർഗ്ഗീയനിലവാരത്തോടെ ഈ ഭൂമിയിൽ രാജ്യം സ്ഥാപിക്കുവാൻ ഉയരത്തിൽ നിന്നും വരുന്ന രാജാവിനെ സംബന്ധിച്ചുള്ള പഴയനിയമ പ്രവചനങ്ങളുടെ ആകെത്തുകയാണ് ഈ പദമെന്ന് അവർ മനസ്സിലാക്കി. ഈ ആശയം പുതിയതല്ല (ദാനി.2:44; 7:14,27).

തന്റെ ഭൗമിക പരിപാടി ക്രമപ്രകാരം തന്നെ ദൈവം നടത്തിക്കൊണ്ടിരിക്കുന്നതിനാൽ രാജ്യം മാറ്റിവയ്ക്കപ്പെട്ടിരുന്നില്ല. അതു രാജാവിനു സമീപമായിരുന്നു. "എന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു" (സങ്കീ.2:6). രാജാവിനെ ത്യജിക്കലും, ക്രൂശിക്കലും, തൊട്ടുള്ള ദൈവത്തിന്റെ മനുഷ്യരോടുള്ള ഇടപെടൽ സ്വർഗ്ഗരാജ്യത്തിന്റെ രൂപരേഖയിൽ ഉണ്ടായിരുന്നു. "അനേകം പുത്രന്മാരെ തേജസ്സിലേക്കു നടത്തുന്നതിലൂടെ" (എബ്രാ.2:10) താനിന്ന് സ്വർഗ്ഗീയ പദ്ധതി നടപ്പാക്കുകയാണ്. സഭ സ്വർഗ്ഗരാജ്യമാണെങ്കിൽ കൂടിയും (മത്താ.13) സഭയുടെ കൂട്ടിച്ചേർക്കൽ സ്വർഗ്ഗരാജ്യത്തിനു പര്യായമല്ല. "ദൈവരാജ്യവും" സ്വർഗ്ഗരാജ്യത്തിനു സമാനാർത്ഥകമല്ല. ദൈവരാജ്യം എന്നത് ദൂതന്മാർ ഉൾപ്പെടെയുള്ള ദൈവത്തിന്റെ സൃഷ്ടിയെ വലയം ചെയ്യുന്ന വിശാലമായ അർത്ഥം വരുന്ന പദമാണ്. താഴെ കാണുന്ന ചാർട്ട് ഈ പദങ്ങളെ ശരിയായി മനസ്സിലാക്കാൻ സഹായകമാകും.




സഭ സ്വർഗ്ഗരാജ്യത്തിലാണ് എന്നാൽ രണ്ടും ഒന്നല്ല. അതുപോലെ ദൈവരാജ്യവും സഭയും ഒന്നല്ല. കൊച്ചി കേരളത്തിലാണ്, എന്നാൽ രണ്ടും ഒന്നല്ല. കൊച്ചി കേരളത്തിന്റെ ഭാഗമാണ്. എന്നാൽ അതു മുഴുവൻ കേരളത്തിന് സമാനമല്ല.

മത്തായി എഴുതിയ സുവിശേഷത്തിൽ, 'സ്വർഗ്ഗരാജ്യം' എന്നത് പുരോഗമിക്കുന്ന ഒരു പദമാണ്. രാജാവിനെ തള്ളിക്കളഞ്ഞ നാളുകളിൽ, ദൈവരാജ്യം ഒരു മർമ്മ ഭാവം പൂണ്ടിരുന്നു. എന്നാൽ, രാജാവ് ലോകത്തിൽ വീണ്ടും വരുമ്പോൾ തന്റെ രാജ്യം സ്ഥാപിക്കപ്പെടുന്നതാണ് (മത്താ.24,25).

നാലു സുവിശേഷങ്ങളും ചേർന്നാൽ അതൊരു ആധുനിക വർത്തമാന പത്രം പോലെയാണ്. മത്തായിയിൽ "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" എന്ന പ്രഖ്യാപനവും പരസ്യവും അടങ്ങിയിരിക്കുന്നു. മർക്കോസിൽ 'എന്റെ ദാസനെ ശ്രദ്ധിക്കുക' എന്ന ജ്വലിക്കുന്ന തലക്കെട്ടു കാണുന്നു. ലൂക്കോസിലുള്ളത് പ്രത്യേകപംക്തികൾ - ലൂക്കോസ് മാത്രമാണ് യേശുവിന്റെ ജനനത്തോടു ബന്ധപ്പെട്ട ഗാനവും നല്ല ശമര്യക്കാരന്റെയും, മുടിയൻ പുത്രന്റെയും കഥകളും രേഖപ്പെടുത്തിയിരിക്കുന്നത് - യോഹന്നാനിൽ ഉള്ളത് പത്രാധിപലേഖനമാണ്; ജീവന്റെ അപ്പത്തെക്കുറിച്ചും, ജീവന്റെ ജലത്തെക്കുറിച്ചും, യഥാർത്ഥ മുന്തിരിയെക്കുറിച്ചും, ക്രിസ്തീയ ജീവിതത്തെക്കുറിച്ചും താനെഴുതി.

### വിഷയവിഭജനം

### "രാജാവിനെ ശ്രദ്ധിക്കുക"

*മത്തായി യേശുക്രിസ്തുവിനെ രാജാവായി അവതരിപ്പിക്കുന്നു*

**I.** **രാജാവിന്റെ വ്യക്തിത്വം.** **അദ്ധ്യായം 1,2**

**II.** **രാജാവിന്റെ ഒരുക്കം.** **അദ്ധ്യായം 3:1–4:16**

**III.** **രാജാവിന്റെ പ്രചാരണം.** **അദ്ധ്യായം 4:17 – 9:35**

**IV.** **രാജാവിന്റെ പരിപാടി.** **അദ്ധ്യായം 9:36 – 16:20**

**V.** **രാജാവിന്റെ കഷ്ടാനുഭവം.** **അദ്ധ്യായം 16:21–27:66**

**VI.** **രാജാവിന്റെ അധികാരം.** **അദ്ധ്യായം 28**

**മത്തായി എഴുതിയ സുവിശേഷം അദ്ധ്യായങ്ങളിലൂടെ**

1 – യേശുക്രിസ്തുവിന്റെ കന്യകാ ജനനവും വംശാവലിയും

2 – ജ്ഞാനികളുടെ സന്ദർശനം - മിസ്രയിമിലേക്കുള്ള പലായനം - തിരികെ നസ്രേത്തിലേക്ക്

3 – യോഹന്നാൻ സ്നാപകൻ - രാജാവിന്റെ മുന്നോടി. രാജ്യത്തിന്റെ പ്രഖ്യാപനവും രാജാവായ യേശുവിന്റെ സ്നാനവും.

4 – രാജാവിന്റെ മരുഭൂമിയിലെ പരീക്ഷ - കഫർന്നഹൂമിൽ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നു- ശിഷ്യരെ വിളിക്കുന്നു.

5,6,7 – ഗിരിപ്രഭാഷണം

1. – രാജ്യത്തിലെ പ്രജകൾക്ക് തന്നോടുള്ള ബന്ധം – 5:1–16
2. – രാജ്യത്തിലെ പ്രജകൾക്ക് ന്യായപ്രമാണത്തോടുള്ള ബന്ധം – 5:17 – 48
3. – രാജ്യത്തിലെ പ്രജകൾക്ക് ദൈവത്തോടുള്ള ബന്ധം - 6.
4. – രാജാവിന്റെ മക്കൾക്ക് തമ്മിൽ തമ്മിലുള്ള ബന്ധം - 7

8 – രാജാവിന്റെ 6 അതിശയങ്ങൾ

9 – ആറ് അതിശയങ്ങൾകൂടി പ്രവർത്തിക്കുന്നു - മത്തായിയെ വിളിക്കുന്നു, പരീശന്മാരെ ശാസിക്കുന്നു.

10 – രാജ്യത്തിന്റെ സുവിശേഷം യിസ്രായേൽ ജനത്തോടറിയിക്കാൻ പന്ത്രണ്ടു ശിഷ്യരെ നിയോഗിക്കുന്നു.

11 – യോഹന്നാന്റെ ശിഷ്യരുടെ ചോദ്യം - മാനസാന്തരപ്പെടാത്ത പട്ടണങ്ങളെ ഉപേക്ഷിക്കുന്നു - വ്യക്തികൾക്കുള്ള പുതിയ ക്ഷണം.

12 – മതനേതാക്കന്മാരുമായുള്ള യേശുവിന്റെ ഏറ്റുമുട്ടൽ.

13 – സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള മാർമ്മിക ഉപമ.

14 – സ്നാപകയോഹന്നാന്റെ ശിരഛേദം - 5,000 ത്തെ പോഷിപ്പിക്കുന്നു - ശിഷ്യരെ കടലിലെ കൊടുങ്കാറ്റിലേക്ക് അയക്കുന്നു - വെള്ളത്തിന്മേൽ നടന്ന് അവർക്കരികിലേക്ക്.

15 – യേശു ശാസ്ത്രിമാരേയും പരീശന്മാരെയും പഴിക്കുന്നു - കനാന്യ സ്ത്രീയുടെ മകളെയും പുരുഷാരത്തെയും സൗഖ്യമാക്കുന്നു - 4,000 പേരെ പോഷപ്പിക്കുന്നു.

16 – പരീശന്മാരും സദൂക്യരുമായുള്ള ഏറ്റുമുട്ടൽ - ശിഷ്യന്മാരുടെ ആശയകുഴപ്പം; പത്രോസ് അവരുടെ വക്താവാകുന്നു - യേശു ആദ്യമായി അവരോടു സഭയേക്കുറിച്ചും തന്റെ മരണത്തെക്കുറിച്ചും ഉയർപ്പിനെക്കുറിച്ചും പറയുന്നു.

17 – മറുരൂപപ്പെടൽ - ഭൂതബാധിതനായ ബാലൻ - അതിശയത്തിലൂടെ നികുതി പണം കൊടുക്കുന്നു.